പ്രാണപ്രിയന്റെ പ്രാണക്കുട്ടികളെ കുറിച്ച് കഴിഞ്ഞ പല വർഷങ്ങളായി പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. All Saints Ecumenical Fellowship Centre ആയിട്ട് ഇതു വളരുവാൻ ബദ്ധപ്പെട്ടുക്കൊണ്ടിരിക്കുന്നു. ആകാശത്തിലും ഭൂമിയിലുമുള്ള യേശുക്രിസ്തുവിലുള്ള പ്രാണനെ തന്റെ ഉള്ളിൽ ഒന്നിച്ചു ചേർക്കുവാനുള്ള അന്ത്യകാലത്തെ സഭയുടെ സംരംഭത്തിന്റെ ഒരു ഭാഗമായി തീരുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു, ബദ്ധപ്പെടുന്നു. ഈ നല്ല സംരംഭത്തിൽ അന്ത്യകാലത്ത് മാത്രം മുദ്രപൊട്ടി വെളിപ്പെട്ടുവരുമെന്ന് പ്രവചിച്ചിട്ടിരിക്കുന്ന കാര്യങ്ങൾ മുദ്രപൊട്ടി വെളിപ്പെട്ട് കർത്താവിന്റെ വരവ് ഏററവും വേഗത്തിൽ ആക്കുവാൻ സ്വർഗ്ഗം വെമ്പൽ കൊള്ളുന്ന ഈ സമയം, ആ കർത്താവിനോട് ഒന്നു സഹകരിക്കുവാൻ നമ്മുടെ സംരംഭം മുഖാന്തരമാകണെയെന്ന് പ്രാർത്ഥിക്കുന്നു. അന്ത്യകാലത്ത് മുദ്രയിട്ടിരിക്കുന്ന വചനങ്ങൾ പൊട്ടിവിടർന്നുവരണമെങ്കിൽ അതിന് പിതാവായ ദൈവം തമ്പുരാൻ അധികാരം കൊടുത്തിരിക്കുന്നത് പുത്രനു മാത്രമാണ്. വെളിപ്പാട് പുസ്തകം 5 : 5 – 10. ഈ മുദ്രപൊട്ടിക്കാൻ യേശുക്രിസ്തുവിനാണ് അധികാരമുള്ളത്. ആ യേശുക്രിസ്തുവിന്റെ അധികാരം യേശുവിനോടൊപ്പം സിംഹാസനത്തിൽ ഇരിക്കത്തക്കവണ്ണം പാപത്തെ ജയിച്ച് ശുദ്ധീകരിക്കപ്പെട്ട് വിജയിച്ച് യേശു ജയിച്ച വിഷയങ്ങളിൽ എല്ലാം ജയിച്ച് കൂടെയിരിക്കുന്ന പ്രാണക്കുട്ടികൾക്കാണ് യേശുവിനോടൊപ്പം ഇത് പൊട്ടിക്കാനുള്ള അധികാരം ലഭിക്കുന്ന കാര്യം വെളിപ്പാട് പുസ്തകം 5 : 5 – 10 വരെയുള്ള ഭാഗത്ത് പറഞ്ഞിരിക്കുന്നത്. അന്ത്യകാലത്ത് യേശുവിന്റെ കല്ല്യാണത്തിന് പോകാൻ ആഗ്രഹിക്കുന്നവരെ ഈ കാര്യത്തിൽ പ്രാപ്തരാക്കുവാനുള്ള ഒരു സംരംഭമാണിത്.

സ്വയത്തിൽ ആശ്രയിച്ച് പാതാളത്തിൽ പോയ പ്രാണക്കുട്ടികളെ മരണം ഭരിക്കുമ്പോൾ, ജീവനാകുന്ന ക്രിസ്തു അവരെ വീണ്ടെടുത്ത് യേശുവിന്റെ ഉള്ളിലാക്കുന്ന ആ വിലയേറിയ വീണ്ടെടുപ്പിന്റെ വേലയുടെ ഭാഗം കൂടിയാണ് ASEFC ചെയ്തുകൊണ്ടിരിക്കുന്നത്. ക്രിസ്തുവിന്റെ മാറിൽ എത്തുന്ന പ്രാണനാണ് കർത്താവിന്റെ രണ്ടാമത്തെ വരവിൽ വെളിപ്പെടുന്നതും അതിനെ വെളിപ്പെടുത്തിയിട്ടാണ്. ആദ്യത്തെ ആദാമിന്റെ മാറിലെ ഹവ്വായെ വെളിയിൽ കൊണ്ടുവന്ന് ജീവിതപങ്കാളിയാക്കിയതുപോലെ, യേശുവിന്റെ ജീവിതപങ്കാളിയായി തീരേണ്ടതായ വീണ്ടെടുക്കപ്പെടുന്ന പ്രാണൻ എല്ലാം കൂടി ചേർത്ത് അവരെ മണവാണിയാക്കിയിട്ട് ഒരു ശരീരമാക്കുകയാണെന്ന കാര്യം ഉൽപത്തി പുസ്തകത്തിലെ ആ സത്യം എഫെസ്യർ 5 –ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നത് നിവൃത്തിയാകുവാൻ സഹായകരമാണ്. ഈ സ്വയപരിശോധനസഹായിൽ ഒരു പ്രവാചകനു മാത്രം കാണാവുന്നതും കേൾക്കാനും പറയാനും കഴിയുന്ന കാര്യങ്ങൾ ഇതിൽ ഉണ്ട്. എന്നാൽ കേൾവിക്കാരായ സാധാരണകാർക്ക് അനുഭവത്തിലൂടെ ഇത് ഏകദേശം തിരിച്ചറിയാൻ സാധിക്കും. അതിന്റെ സൂചികകളെ കുറിച്ച് ഈ വെബ്സൈററിൽ പറയുന്നുണ്ട്. ഒരു പ്രാണൻ വീണ്ടും ജനിക്കാതെ പാതാളത്തിലായിരിക്കുന്നതിന്റെ ലക്ഷണം, വീണ്ടും ജനിക്കുന്നതിന്റെ ലക്ഷണം, വിടുതൽ ലഭിക്കുമ്പോൾ ഉള്ള ലക്ഷണം. കർത്താവിനോട് അഭിഷേകം നിറഞ്ഞവരായി സംസാരിക്കുന്ന അവസരം. ഈ സങ്കേതഭവനത്തിലെ സ്വയപരിശോധനസഹായിലെ ചോദ്യങ്ങൾ എല്ലാ എല്ലാവർക്കും ഉള്ളതല്ല. ഇതിൽ തുടക്കകാർക്കുള്ളത് ഉണ്ട്, സാധാരണ സത്യാന്വേഷികളായി വരുന്നവർക്ക് ഉണ്ട്. പ്രായപൂർത്തിയായവർക്കുള്ളത് ഉണ്ട്. നല്ല ആത്മനിറവിൽ ദൈവവേല ചെയ്യുന്നവർക്കും ഉണ്ട്. അങ്ങനെ ഇനമായി തിരിച്ച് അവർക്ക് ആവശ്യമുള്ളത് എത്തിച്ചു കൊടുക്കാനും ഈ സൈററ് ബദ്ധപ്പെടുകയാണ്.

നമ്മുടെ അനുദിനജീവിതത്തിലെ ആത്മശരീരമനസ്സുകളുടെ അനുഭവങ്ങൾ വിവേചിച്ച് അത് ഏതിന്റെ സൂചനയാണെന്നു തിരിച്ചറിഞ്ഞിട്ട് അത് ഏത് പ്രശ്നത്തിന്റെ പരിഹാരത്തിനാണെന്ന് തിരിച്ചറിഞ്ഞ് അത് പാകമായിരിക്കുന്നത് അറിയാനുള്ള അവസരമാക്കി തക്കത്തിൽ പ്രയോജനപ്പെടുത്തുവാൻ ഈ വെബ്സൈററ് / സങ്കേതഭവൻ ബദ്ധപ്പെടുകയാണ്. ലംഘനം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയ അവസ്ഥയിൽ നിന്ന് നമ്മുടെ പാപത്തെ കണ്ടെത്തി പരിശോധിച്ച് നമ്മൾ അനുതപിച്ച് അതിനെ പുറത്തിട്ട് അതിനെ ചവിട്ടി അതിനെ വാലിനെ പിടിച്ച് എറിഞ്ഞ് സമുദ്രത്തിൽ എത്തിക്കുന്നതുവരെയും നമ്മൾ വളരണം എന്നുള്ള കാര്യം ഈ സങ്കേതഭവൻ / ഈ ധ്യാനമന്ദിരം നിങ്ങളെ പഠിപ്പിക്കുകയാണ്.

സാത്താനെ വേഗത്തിൽ കാലിന്റെ കീഴിൽ ചതച്ചുകളയുമെന്ന് റോമസഭയോട് പറഞ്ഞ അനുഭവം ഭാവികാലക്രിയയിലാണ് പറഞ്ഞിരിക്കുന്നത്. അത് വർത്തമാനകാലക്രിയയിൽ നമ്മൾ കർത്താവിനോടൊത്ത് വളർന്ന്, കർത്താവിനോളം നമ്മുടെ ദേഹിയുടെ മണ്ഡലം വളർന്നതിനുശേഷമാണ് ആ വേഗത്തിൽ സംഭവിക്കുന്നത്, നമ്മുടെ അനുഭവമാകുന്നത്. അത് വേഗത്തിൽ നമ്മുടെ ഓരോരുത്തരുടെയും ആകുവാൻ ഈ പ്രസ്ഥാനം / ഈ സംരംഭം നിങ്ങളെ സഹായിച്ച് നുകം ഒന്നിച്ച് വഹിച്ച് ദൈവപദ്ധതി പൂർത്തികരിച്ച് ജന്മസാഫല്യം അണയാൻ സാധിക്കേണം. എല്ലാവരെയും ദൈവംതമ്പുരാൻ അനുഗ്രഹിക്കട്ടെ.